To

..........................................................................

..........................................................................

..........................................................................

.............................................Pin........................

**മണിയശ്ശേരി ദേവസ്വം ട്രസ്റ്റ് വാർത്താപത്രിക**
*(For Private Circulation Only)*

*മണിയശ്ശേരി ദേവസ്വം ട്രസ്റ്റ്*
*മറവൻതുരുത്ത് പി.ഒ., വൈക്കം*

## JANMA NAKSHATRA POOJA VAZHIPAD RECEIVED FOR THE YEAR 2016 TILL MARCH

| | |
|---|---|
| Dakshina moorthy, Sreekala,Meera, Alex - **5 years** | 7,020.00 |
| Ramkumar,Sasikala, Arjun Menon 5 years | 5,265.00 |
| Sudakaran, Sreelatha, Aparna, Praveen - **5 years** | 7,020.00 |
| Sarada Das - **5 years** | 1,755.00 |
| Lekshmi,Anand, Aswathi, - **5 years** | 5,265.00 |
| B.Sarojini Amma - **5 years** | 1,755.00 |
| Abhirami | 351.00 |
| Radhamadavan,Anuja, Vignesh, Vyshnavi | 1,404.00 |
| Anakha - 12 months in 2016 | 4,212.00 |
| Reji, sangeetha, Vishnu, Malavika | 1,404.00 |
| Indira Pillai | 351.00 |
| Krishna Das. Geetha, Rohit, Riya | 1,404.00 |
| C.R.Prasad, Jyothi, kavya | 1,053.00 |
| Raghu Kumar, krishna Priya, Aiswarya | 1,053.00 |
| Krishna Panicker, Padma panicker | 702.00 |
| Sanjay,Indu Aparna | 1,053.00 |
| Sivakumar | 351.00 |
| Rajasekharan Nair, Vijayalakshmi | 702.00 |
| Raghu, Resmi, Rakendu | 1,053.00 |
| Ajith, Radhika, Durga | 1,053.00 |
| Dr.N.R.M.menom, Rema Menon, | 702.00 |
| Ramakrihna Menon, Anuradha, Ajay, Vijay | 1,404.00 |
| Madavan Nair, Sreekumari, Manoj, Mahesh | 1,404.00 |
| Ramakrishna kurup, Vijayalakshmi | 702.00 |
| Udaya V Nair, Pranav, Praveen | 1,053.00 |
| Unnikrishnan Nair, Jalaja, Vysak | 1,053.00 |
| Dr.P.P.Nair, Usha Devi, Renjith | 1,053.00 |
| Chandrasekhara menon, Rada devi,Jayachandran | 1,053.00 |
| Jayasree,Meenakshi, Malavika | 1,053.00 |
| Ajith Kumar, Bindu Ajith, Amritha, Ankitha | 1,404.00 |
| Parameswaran, Mini | 702.00 |
| Harikumar, Geethanjali, Vyshnav | 1,053.00 |
| B.Saradamma | 351.00 |
| Sivaprasad, Geetha, Devi prasad | 1,053.00 |
| Unnikrishnan, Mini, Meera,Mukund,Renjith | 1,755.00 |
| Narayanankutty, Girija, Jayasankar,Aiswarya,Akshara | 1,755.00 |
| Gopakumar, Ganga | 702.00 |
| S.Madavan Nair, Usha, Chandrasekhar, Venugopal, Adithya | 1,755.00 |
| Thara, Gayathri, Druv | 1,053.00 |
| Geetha Devi, Vilasini, Gigi Thampi | 1,053.00 |
| Bhaskaran Nair, Jayasree, Jayamohan, Manu Mohan | 1,404.00 |
| Giridas Pillai, Girija Pillai, Gayathri | 1,053.00 |
| Santha, Vibu, Usha, Niranjana, Neelakandan | 1,755.00 |
| Muraligopal,Vandana,Ramgopal,Krishnagopal | 1,404.00 |
| Jayasankar,Lakshmi,Bhadra | **1,053.00** |
| Meena Rani, Arul Prasad, Arun Prasad | 1,053.00 |
| Syamkumar + Karthika | 351.00 |
| G.R.Gopakumar,Geetha Kumari, Ramgopal | 1,053.00 |
| | 75,465.00 |

| | |
|---|---|
| | 75,465.00 |
| Veeraraghavan, Radika, Swathi | 1,053.00 |
| Maduri, Devaraj,Hima,Aradhya, Adarsh,Anirudh | 2,106.00 |
| Biju, Sobharani, Aswin, Sachin | 1,404.00 |
| Arunkumar,Preethi Arun, Adithi arun, Adhikesav | 1,404.00 |
| Anilkumar, Rekha anil, Arathi Anil, Gowri Anil | 1,404.00 |
| Rishikesh,Preetha, Anakha, Akshitha | 1,404.00 |
| Vasukumari, Hariprasad, Sugitha | 1,053.00 |
| Vijayamohanan Nair, Usha kiran | 702.00 |
| Balu Mohan ,Sreelakshmi, Vyshnavi | 1,053.00 |
| Sumesh, Dhanya, Vasudev, Vedanth | 1,404.00 |
| Raveendrakumar, Shylaja, Renjith, | 1,053.00 |
| Gopakumar, Sindu, Gayathri, Samyuktha | 1,404.00 |
| Geetha Thampi, Savitha,Ajay, Uma, Sujatha | 1,755.00 |
| Gangan, David, Sachin | 1,053.00 |
| Samscrithy | 351.00 |
| Harikumar,Sreekumari,Krishnakumar, Sreekumar,Supriya,Navya, Sreehari | 2,457.00 |
| Venugopal, Maya, Keerthana | 1,053.00 |
| Radhakrishnan Nair, Vimalakumari, Nandita | 2,106.00 |
| Ajith, Namitha, Sivakumar | |
| R.Somasekhar, Sreekumari | 702.00 |
| K.Venugopal, Hema, Darsana, Balu, Devika | 1,755.00 |
| Ammukutty amma, Sasidharan Nair,Latha sasi | 1,053.00 |
| Rajeev,Nisha rajeev, Akshatha, Advaith | 1,404.00 |
| Kishore, Neena kishore | 702.00 |
| Dr.Vinayakumar, Rema devi, Anjali | 1,053.00 |
| Dr.Amith kumar | 351.00 |
| Gopinathan nair, Anil,Sunil,Sujith,Balgovind | 1,755.00 |
| Kamalam g nair, Rekha, Megha, Mahadev | 1,404.00 |
| Madhusoodhanan nair, Kanakam | 702.00 |
| Sreelkashmi | 351.00 |
| Krishna pillai, Krishna kumari,Girija,Anitha, Hema, Anakha | 2,106.00 |
| Prasanth.c.s | 351.00 |
| Thanisha | 351.00 |
| Prince.c.s | 351.00 |
| Angitha | 351.00 |
| Anjana, Sidarth Narayan | 702.00 |
| Sangeetha, Akshitha pillai, Akhilesh pillai | 1,053.00 |
| Ajith Pillai, Radika, Saranya | 1,053.00 |
| Anil kumar pillai - 7 months | 2,457.00 |
| Vijayalakshmi, Vishnu, Rashmi Ranjith | 1,053.00 |
| J.Neelakantan Nair,Krishnaveni,Bharathi Krishna | 1,053.00 |
| Sukumari Amma | 351.00 |
| Vivek, Apurva | 702.00 |
| V.C.Mohan, Krishna Latha | 702.00 |
| Unnikrishnan, Vidya, Sradha | 1,053.00 |
| V.S. Kumar, Anitha, Arya Kumar, Jayakrishnan, Agasthya | 1755.00 |
| | 126,360.00 |


ഓം

# വൈഷ്ണവം

www.maniyasseri.org
E-mail: maniyasserysecretary@gmail.com

തമസോമാ ജ്യോതിർഗമയ — പരസ്പരംഭാവയന്ത:ശ്രേയ: പരമവാപ്സ്യഥ

കൊല്ലവർഷം 1191 മീനം (ശകവർഷം 1938 ചൈത്രം) വാല്യം 6 ലക്കം 7 – 2016 ഏപ്രിൽ


## മുഖക്കുറിപ്പ്


ഡോ. ബി.സരോജിനി അമ്മ.


പ്രിയസഹോദരങ്ങളെ,

ഈ കലിയുഗത്തിൽ നമുക്ക് ഏവർക്കും അത്യാവശ്യം വേണ്ടത് ഭഗവത് ഭക്തിയാണ്. അതിനാൽ ഭക്തിയെ പറ്റി ആവാം ഇന്നത്തെ പ്രതിപാദ്യം.

ദക്ഷപുത്രിയായ സതീദേവി, പതിയായ ശ്രീപരമേശ്വരനോട് ലൗകിക വിഷയങ്ങളിൽ മുഴുകി കഴിയുന്ന ജീവന്, സംസാര ദുഖത്തെ അകറ്റാനുള്ള വഴി എന്ത് എന്നു ചോദിക്കുന്നു. അതിനു മറുപടിയായി ശ്രീ പരമേശ്വരൻ ഭക്തിയുടെ മാഹാത്മ്യം ആണ് പറയുന്നത് ശ്രീമത് മഹാശിവ പുരാണ സംഗ്രഹത്തിൽ സതീഖണ്ഡത്തിലാണ് ഭക്തിയെ പറ്റി ഭഗവാൻ പറയുന്നത്. പരബ്രഹ്മസ്വരൂപനായ ഭഗവാനെക്കുറിച്ചുള്ള ജ്ഞാനം ആണ് ഭക്തി. ജ്ഞാനവും, ഭക്തിയുമുള്ള ഒരു ജീവന് ദുഖം ഉണ്ടാവുകയേ ഇല്ല. ജഗത് പിതാവായ മഹാദേവൻപോലും ഭക്തിക്ക് അധീനനാണ്, കലിയുഗത്തിൽ ഭക്തിയുടെ ഫലം പ്രത്യക്ഷത്തിൽ തന്നെ അറിയാൻ സാധിക്കുന്നു.ഭക്തനെ ഭഗവാൻ സദാ സഹായിക്കുന്നു.

ഭക്തി സഗുണം എന്നും, നിർഗുണം എന്നും രണ്ടുവിധം ഉണ്ട്. ഈ ഭക്തിക്ക് ഒൻപത് വിഭാഗങ്ങൾ ഉണ്ട്. ഇവ ഭക്തിയുടെ പൂർണ്ണതയിൽ എത്തുന്നതിനുള്ള ഒൻപത് അവസ്തകളായും കരുതാം. അവ –

**ശ്രവണം കീർത്തനം ചൈവ**
**സ്മരണം സേവനം തഥാ**
**ദാസ്യം തഥാ അർച്ചനം ദേവി**
**വന്ദനം മമ സർവ്വദാ**
**സഖ്യം ആത്മാർപ്പണം ചേതി**
**നവാം ഗാനി വിദു ബുധാ !**
**( ശ്രീമഹാശിവ പുരാണം സതീ ഖണ്ഡം 23–ാം അദ്ധ്യായം )**

1. ശ്രവണം – ശ്രദ്ധയോടുകൂടി സ്ഥിര ആസനത്തിൽ ഇരുന്ന് ഭഗവാന്റെ കഥകൾ കേൾക്കുക ഉദാഹരണം – സത്സംഗം, ഭാഗവത ശ്രവണം.
2. കീർത്തനം – ഭഗവാന്റെ ദിവ്യ കർമ്മങ്ങൾ സ്മരിച്ചു കൊണ്ട് ഭഗവത് സ്തുതികൾ പാടുക ഇതാണ് അമ്മമാർ ശ്രദ്ധിക്കേണ്ട ഒരു കാര്യം. തൊട്ടിൽ ആട്ടുമ്പോൾ താരാട്ടായും, ഉറക്കു പാട്ടായും,ഭഗവത് കീർത്തനങ്ങൾ കുഞ്ഞുങ്ങളെ പാടി കേൾപ്പിക്കണം. കുഞ്ഞ് മനസ്സിൽ ഭക്തിയുടെ ആദ്യാക്ഷരം കുറിക്കാൻ അതുപകരിക്കും
3. സ്മരണം –ഭഗവാൻ സർവ്വ വ്യാപിയാണ് എന്നെ കൈവിടുകയില്ല എന്ന ചിന്തയോടു കൂടി നിർഭയനായി ജീവിക്കുക.
4. സേവനം – വാക്കുകൾ കൊണ്ടും (ഉദാ – കീർത്തനാലാപം, പ്രഭാഷണം) കൈകാലുകൾ കൊണ്ടും ( ഉദാ – പ്രദിക്ഷിണം, പൂമാല കെട്ടുക, ക്ഷേത്രം വൃത്തിയാക്കുക) ഭഗവാനെ സേവിക്കുക.
5. ദാസ്യം – ഭഗവത് ദാസനായി ജീവിക്കുക.
6. അർച്ചനം – യഥാശക്തി പാദ്യം മുതലായ പതിനാറ് ഉപചാരങ്ങളോടു കൂടി ഭഗവാനെ പൂജിക്കുക.
7. വന്ദനം – മനസ്സിൽ ഭഗവാനെ ധ്യാനിച്ച് മന്ത്രോച്ചാരണത്തോടുകൂടി നമസ്കരിക്കുക.
8. സഖ്യം – ജീവിതത്തിൽ സംഭവിക്കുന്ന ശുഭ അശുഭങ്ങളായ സകല കാര്യങ്ങളും ഭഗവാന്റെ ഇച്ഛയാണ് എന്നും, നമ്മുടെ നന്മക്കു വേണ്ടിയാണ് എന്നും വിശ്വസിച്ച് ജീവിക്കുക.
9. ആത്മാർപ്പണം – സമർപ്പണം – സ്വന്തം കാര്യത്തിനു വേണ്ടി ഒന്നും കരുതാതെ ശരീരം, ബുദ്ധി, ആത്മാവ് എല്ലാം ഭഗവാന് വേണ്ടി സമർപ്പിക്കുക.

എല്ലാ കുടുംബാംഗങ്ങളുടേയും നിസ്സീമമായ സഹായ സഹകരണങ്ങൾ കൊണ്ടും, ശ്രീ തൃപുരസുന്ദരി അമ്മയുടേയും, മറ്റു പര ദേവതകളുടേയും അനുഗ്രഹം കൊണ്ടും, തൃപുരസുന്ദരീ ദേവിയുടെ ആലയം പുതുതായി പണി തീർത്ത് പുനപ്രതിഷ്ഠ നടത്താൻ സാധിച്ചു. എല്ലാവർക്കും അമ്മയുടെ അനുഗ്രഹാശ്ശിസുകൾ ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

## വിഷ്ണുസഹസ്രനാമം.

വൈഷ്ണവഗന്ധർവസ്വാമിയുടെ അനുഗ്രഹാശിസ്സുകളോടെ കഴിയുന്ന മണിയശ്ശേരികുടുംബാംഗങ്ങൾ വിഷ്ണുസഹസ്രനാമത്തോട് എത്രത്തോളം ആദരവുപുലർത്തേണ്ടവരാണെന്നു പറയേണ്ടകാര്യമില്ല. വിഷ്ണുവിന്റെ സഹസ്രം നാമങ്ങൾ ഉരുക്കഴിക്കുന്നു എന്നുമാത്രമായാണ് സാധാരണയായി വിശ്വാസികൾ അതിനെ കാണുന്നത്. എന്നാൽ മറ്റു ദേവീദേവന്മാരുടെ സഹസ്രനാമത്തേക്കാൾ വിഷ്ണുസഹസ്രനാമം ശ്രദ്ധേയമായിത്തീരുന്നത് അതിന്റെ അർത്ഥത്തിലേക്കും ആശയത്തിലേക്കും കടക്കുമ്പോഴാണ്. വിഷ്ണു വിശ്വരൂപിയാണെന്ന വിശ്വാസത്തിന്റെ സ്വാരസ്യം അപ്പോൾ മാത്രമാണ് വ്യക്തമാവുന്നത്. വിഷ്ണു വിശ്വരൂപംപ്രദർശിപ്പിക്കുന്നത് സഹസ്രനാമത്തിലും കാണാൻ കഴിയുന്നു.

ഒരോ നാമത്തിന്റെയും സ്വാരസ്യവും ആശയഗാംഭീര്യവും എന്താണെന്നു വ്യാഖ്യാനിക്കുമ്പോൾ വിഷ്ണുവിന്റെ സഹസ്രനാമങ്ങൾ കേവലം പര്യായപദങ്ങൾ എന്ന തലംവിട്ടിട്ട് വിശ്വരൂപ എന്ന ദൃശ്യവിതാനത്തിലേക്കുയരുന്നു. ധ്യാനശ്ലോകം തന്നെ ശ്രദ്ധിക്കുക.

ഓം ശുക്ലാംബരധരം വിഷ്ണും
ശശിവർണ്ണം ചതുർഭുജം
പ്രസന്നവദനം ധ്യായേത്
സർവവിഘ്നോപ ശാന്തയേ.

ഇതിൽ നാലു വിശേഷണങ്ങളാണുള്ളത്. ശുക്ലാംബരധരം, ശശിവർണ്ണം, ചതുർഭുജം, പ്രസന്നവദനം എന്നിവയാണ് അവ. വെള്ളവസ്ത്രധാരി, ചാന്ദ്രശോഭയുള്ളയാൾ, നാല് കൈകളുള്ളയാൾ, പ്രസന്നമുഖത്തോടുകൂടിയ ആൾ എന്നിവയാണ് അതിന്റെ അർത്ഥം.വെളുത്ത വസ്ത്രത്തിന്റെ പ്രത്യേകത എന്താണ്? ഐശ്വര്യത്തിന്റെ പ്രതീകം, നന്മയുടെപ്രതീകം, ശുദ്ധിയുടെ പ്രതീകം എന്നിങ്ങനെ പലതലങ്ങളിലേക്ക് വെളുപ്പ് നമ്മളെ കൂട്ടിക്കൊണ്ടു പോകും. ഇതിൽ ശുദ്ധിയുടെ പ്രതീകം എന്നതാണ് ഈ സന്ദർഭത്തിൽ കൂടുതൽ യോജിക്കുക. അതെന്തുകൊണ്ടാണെന്ന് വിശദീകരണത്തിലൂടെ വ്യക്തമാകും.

വെളുത്തവസ്ത്രമുടുക്കുന്നയാൾ പ്രവർത്തിക്കുന്നയാൾകൂടിയാണെങ്കിൽ വെളുപ്പിൽ അഴുക്കു പെട്ടെന്ന് പിടിക്കുകയും വെളുപ്പ് അതല്ലാതായിത്തീരുകയും ചെയ്യുന്നു. എന്നാൽ വിഷ്ണുവാകട്ടെ എല്ലായ്പ്പോഴും വെളുത്തവസ്ത്രധാരിയായി കാണുകയും ചെയ്യുന്നു. അത് അദ്ദേഹം പണിയൊന്നും എടുക്കാത്തതുകൊണ്ടാണോ? അല്ലെന്ന് പിന്നീടു വരുന്ന ചതുർഭുജം എന്ന വിശേഷണം വ്യക്തമാക്കുന്നു. രണ്ടുകൈകളുള്ള നമ്മളേക്കാൾ എത്രയോ ജോലിചെയ്യുന്നതുകൊണ്ടാണ് അദ്ദേഹം ചതുർഭുജനായിരിക്കുന്നത്. സ്ഥിതി എന്ന പ്രക്രിയയാണല്ലോ അദ്ദേഹത്തിന്റേത്. വിഭിന്നസ്വഭാവക്കാരായ, വിഭിന്നരൂപികളായ, വിഭിന്ന ഭക്ഷണരീതികളുള്ള എല്ലാത്തലത്തിലും വൈവിധ്യം മാത്രമുള്ള ജീവജാലങ്ങളെ മുഴുവൻ പരിപാലിക്കുക എന്ന കർമ്മം വിഷ്ണുവിനുമാത്രം സാധിക്കുന്നതാണ്. അത്രമാത്രം വൈവിധ്യമുള്ള ജോലിയാണ് അദ്ദേഹത്തിന്റേത്. ആ ജോലിചെയ്തിട്ടും അദ്ദേഹത്തിന്റെ വസ്ത്രം വെളുപ്പുനിറം പുലർത്തുന്നെവെങ്കിൽ അതിനെന്തായിരിക്കും കാരണം? എല്ലാകാര്യങ്ങൾക്കും കാരണങ്ങൾക്കും സാക്ഷിയായ അദ്ദേഹത്തിന്റെ കാര്യത്തിലും ഇതിന് ചില കാരണം ഏതായാലും ഉണ്ടാകും. അതെന്താണെന്ന് അടുത്തലക്കം പരിശോധിക്കാം.

ഒറ്റപ്പെട്ട ചിലകുറിപ്പുകളായി തുടങ്ങിയ ഈ പംക്തി ഈ ലക്കംമുതൽ കൃത്യമായ ഒരു ലക്ഷ്യത്തിലേക്ക് എത്തുകയാണ്. വിഷ്ണുസഹസ്രനാമത്തിന്റെ വ്യാഖ്യാനമായി ഇതു മാറുകയാണ്. തുടർ ലക്കങ്ങൾ അതിനുള്ള ശ്രമമാണ്. അതിനായി ഭഗവാൻ അനുഗ്രഹിക്കുമെന്ന് വിശ്വസിക്കുന്നു. ഈ പംക്തിക്ക് കുടുംബാംഗങ്ങൾ നൽകിയ സഹകരണം തുടർന്നും അഭ്യർത്ഥിക്കുന്നു. എല്ലാവരെയും സ്വാമിയും അമ്മമാരും അനുഗ്രഹിക്കട്ടെ.

സീയാർ

## ഗണേശാഷ്ടകം

ഏകദന്തം മഹാകായം തപ്തകാഞ്ചന സന്നിഭം
ലംബോധരം വിശാലാക്ഷം വന്ദേഹം ഗണനായകം 1
മൗഞ്ജികൃഷ്ണാജിനധരം നാഗയജ്ഞോപവിതിനം
ബാലേന്ദു സുകലാ മൗലിം വന്ദേഹം ഗണനായകം 2
ചിത്രരത്ന വിചിത്രാംഗം ചിത്രമാലാ വിഭൂഷിതം
കാമരൂപധരം ദേവം വന്ദേഹം ഗണനായകം 3
മൂഷികോത്തമമാരുഹ്യദേവാസുര മഹാഹവേ
യോദ്ധുകാമം മഹാവീര്യം വന്ദേഹം ഗണനായകം 4
ഗജവക്ത്രം സുരശ്രേഷ്ഠം കർണ്ണചാമര ഭൂഷിതം
പാശാങ്കുശധരം ദേവം വന്ദേഹം ഗണനായകം 5
യക്ഷകിന്നര ഗന്ധർവ്വ സിദ്ധവിദ്യാധരൈ : സദാ
സ്തൂയമാനം മഹാബാഹും വന്ദേഹം ഗണനായകം 6
അംബികാ ഹൃദയാനന്ദം മാതൃഭി: പരിവേഷ്ടിതം
ഭക്തപ്രിയം മദോന്മത്തം വന്ദേഹം ഗണനായകം 7
സർവ്വവിഘ്നഹരം ദേവം സർവ്വവിഘ്ന വിവർജ്ജിതം
സർവ്വസിദ്ധി പ്രദാതാരം വന്ദേഹം ഗണനായകം 8

ഗണാഷ്ടകമിദം പുണ്യം യ:പഠേത് സതതം നര :
സിദ്ധ്യാതി സർവ്വകാര്യാണി വിദ്യാവാൻ ധനവാൻ ഭവേത്.

പ്രിയ ബന്ധു,

ഒരു വർഷക്കാലത്തെ കാത്തിരിപ്പിനൊടുവിൽ, വീണ്ടും ഭക്തിയുടേയും, ഗൃഹാതുരത്വത്തിന്റേയും ഒരു കുടുംബസംഗമം വരവായി. അണുകുടുംബങ്ങളിലേക്ക് ചുരുങ്ങിയ ഇന്നത്തെ സമൂഹത്തിൽ, സ്വാമിയുടെ കരുതലും അനുഗ്രഹവുമാണ് മണിയശ്ശേരിയിലെ തലമുറകളുടെ ഈ ഒത്തുകൂടൽ.

സംഭവബഹുലമായിരുന്നു കഴിഞ്ഞ ഒരു വർഷം. പുരോഗതിയുടെ അളവുകോൽ വികസനം ആയി മാറിയ ഈ കാലഘട്ടത്തിൽ, മണിയശ്ശേരിയിൽ, സ്വാമിയുടേയും,അമ്മമാരുടേയും, പരദേവതമാരുടേയും അനുഗ്രഹത്താലും,പൂർവ്വിക സുകൃതത്താലും, കുടുംബാംഗങ്ങളുടെ അകമഴിഞ്ഞ സഹകരണത്താലും മുൻഗാമികൾ തുടക്കമിട്ട ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടത്തുവാനും, പുതിയവയ്ക്ക് തുടക്കമിടാനും നമുക്കായി. തൃപുരസുന്ദരീ ദേവിയുടെ ശ്രീകോവിൽ നിർമ്മാണം പൂർത്തീകരിച്ച് പുനപ്രതിഷ്ട നടത്തി, സർപ്പത്തറ പുനർനിർമ്മിക്കുന്നതിനായി ബാലാലയത്തിലേക്ക് മാറ്റി പ്രതിഷ്ഠിച്ചു.

ജന്മനക്ഷത്ര പൂജയും, പൂജാസാധനങ്ങളുടെ സ്പോൺസർഷിപ്പും ക്ഷേത്രത്തിലെ പൂജാദികാര്യങ്ങളിലും, ക്ഷേത്ര വരുമാനത്തിന്റെ കാര്യത്തിലും പുരോഗതിയുണ്ടാക്കാൻ സഹായിച്ചിട്ടുണ്ട്. എന്നാൽ നാൾക്കുനാൾ കൂടി വരുന്ന ചിലവുകൾ നടത്തുവാൻ ഇതുവരെ ഈ പദ്ധതികളിൽ ചേരാത്ത കുടുംബാംഗങ്ങളെ അതിൽ ഭാഗഭാക്കാക്കിയും, ചേർന്നിട്ടുള്ളവർ അതു കൂടുതൽ കാലത്തേക്ക് നീട്ടിയും സഹകരിക്കേണ്ടതുണ്ട്. ക്ഷേത്ര വരുമാനം വർദ്ധിപ്പിക്കാനും, കാര്യക്ഷമമാക്കുവാനും ഭക്തജനങ്ങളുടെ സക്രിയമായ നിർദ്ദേശങ്ങളും സഹകരണവും പ്രതീക്ഷിക്കുന്നു. ജന്മനക്ഷത്ര പൂജ, പൂജാസാധനങ്ങൾ സ്പോൺസർ എന്നിവചെയ്ത കുടുംബാഗങ്ങളുടെ ലിസ്റ്റ്ഇതോടൊപ്പംചേർത്തിരിക്കുന്നു, ആരുടെ എങ്കിലും പേരുകൾവിട്ടുപോയിട്ടുണ്ടെങ്കിൽസെക്രട്ടറിയുടെശ്രദ്ധയിൽപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സമൂഹത്തിൽ അന്യം നിന്നുപോകുന്ന, ഈ കുടുംബകൂട്ടായ്മയുടെ സൗഭാഗ്യം, നിലനിർത്താനും, അടുത്തതലമുറയിലേക്ക് പകർന്നുകൊടുക്കുവാനും ഉള്ള ഉത്തരവാദിത്വം, നമുക്കോരോരുത്തർക്കുമുണ്ട്. കൂടുമ്പോൾ ഇമ്പമുള്ള (കുടുംബം) ഒരു കൂട്ടായ്മയായി മണിയശ്ശേരിയെ നിലനിർത്തുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം. അവകാശങ്ങൾക്ക് മുൻപിലായി കടമയേയും, വ്യക്തിയ്ക്കു മുമ്പിൽ കുടുംബത്തേയും, സമൂഹത്തേയും പ്രതിഷ്ഠിക്കാനും നമ്മളോരോരുത്തരും ശ്രമിക്കേണ്ടതുണ്ട്. സ്വാമിയുടേയും, അമ്മമാരുടേയും, പരദൈവങ്ങളുടേയും അനുഗ്രഹം എല്ലാവരിലും ഉണ്ടാകണമേയെന്ന പ്രാർത്ഥനയോടെ.

സെക്രട്ടറി

## പൂജാസാധനങ്ങൾ സംഭാവനയായി 2016 ഫെബ്രുവരിമാസം വരെ സമർപ്പിച്ചവർ.

Period - October to September Every year

| Name of Donor | Period | ITEM | AMOUNT |
|---|---|---|---|
| Krishna Das | 75 M | കർപ്പൂരം | 16,875.00 |
| Shylaja | 75 M | ഏലക്ക | 7,900.00 |
| Sarada Das | 72 M | ചന്ദനത്തിരി | 14,400.00 |
| Sudakaran Thampi | 63 M | പഞ്ചസാര | 22,050.00 |
| Meera Nair | 63 M | ഉണക്കമുന്തിരി, കൽക്കണ്ടം,തേൻ | 16,380.00 |
| Aparna Prem | 63 M | മലർ | 6,300.00 |
| Premkumar | 63 M | അവിൽ | 6,300.00 |
| Sasikala.B | 62 M | പഴം | 18,600.00 |
| Ajith Narayan & Radhika | 15 M | എണ്ണ | 19,026.00 |
| Anil kumar pillai | 12 M | നെയ്യ് | 96,000.00 |
| Vivek.C.Nair | 12 M | പൂവ് | 24,000.00 |
| Jayamohan | 12 M | ഉണക്കലരി | 14,400.00 |
| Dr.Lakshmi | 12 M | എണ്ണ | 14,400.00 |
| Sangeetha Viswanath | 12 M | ശർക്കര | 6,720.00 |
| Reghu Kumar | 12 M | പഞ്ചസാര | 4,200.00 |
| veeraraghavan | 12 M | പഴം | 3,600.00 |
| Harikumar | 12 M | കളഭം കട്ട, ഉണക്കമുന്തിരി | 3,000.00 |
| Namitha krishnan | 12 M | കളഭം | 2,400.00 |
| Nanditha krishnan | 12 M | ചന്ദനത്തിരി | 2,400.00 |
| Balu Mohan | 12 M | അവിൽ | 1,200.00 |
| Padma Panicker | 12 M | അവിൽ | 1,200.00 |

| Name of Donor | Period | ITEM | AMOUNT |
|---|---|---|---|
| Mallaya K R | 12 M | ഉണക്ക മുന്തിരി | 500.00 |
| Rakendu | 12 M | ഉണക്ക മുന്തിരി | 480.00 |
| Sangeetha | 6 M | എണ്ണ, കർപ്പൂരം | 8,550.00 |
| Dr.Remadevi | 3 M | ഉണക്കലരി,മലര്, പഞ്ചസാര | 4,950.00 |
| Radhamadavan M k | 3 M | ഉണക്കലരി | 3,600.00 |
| Vandana devi | 3 M | ശർക്കര | 1,680.00 |
| Ramgopal | 3 M | മലർ | 300.00 |
| Krishna Gopal | 3 M | അവിൽ | 300.00 |
| Indu Sanjay | 2 M | പാൽ – | 1,200.00 |
| R.Somasekhar | 2 M | പാൽ | 1,200.00 |
| Sindu Gopakumar | 1 M | നെയ്യ് | 8,000.00 |
| Duga k T | 1 M | നെയ്യ് | 8,000.00 |
| Ajith K T | 1 M | നെയ്യ് | 8,000.00 |
| N.R.M.Menon | 1 M | ഉണക്കലരി | 1,200.00 |
| Rema Menon | 1 M | ഉണക്കലരി | 1,200.00 |
| Ramesh | 1 M | ഉണക്കലര | 1,200.00 |
| Unnikrishnan | 1 M | എണ്ണ | 1,200.00 |
| Rajasekharan Nair | 1 M | ഉണക്കലരി | 1,200.00 |
| Raghu | 1 M | ഉണക്കലരി | 1,200.00 |
| Indu Sanjay | 1 M | ഉണക്കമുന്തിരി | 40.00 |
| | | | **355,351.00** |

## DONATIONS RECEIVED FOR PUNARUDHARANAM

| | |
|---|---|
| B.SUKUMARI AMMA & FAMILY | 100,001.00 |
| CHANDRASEKHARA MENON.M.N | 100,001.00 |
| DR.P.P NAIR | 100,000.00 |
| INDIRA PILLAI & FAMILY | 100,000.00 |
| R.VIJAYALAKSHMI & FAMILY | 100,000.00 |
| D.SANTHA KUMARI | 100,000.00 |
| APARNA THAMPI | 50,000.00 |
| J.B.MOHANAN NAIR | 50,000.00 |
| AMMUKUTTY AMMA - plavu wood | 25,000.00 |
| K.MADHUSOODHANAN NAIR | 25,000.00 |
| SUNIL KUMAR.B | 25,000.00 |
| SAIKALA RAMKUMAR / ARJUN MENON | 20,000.00 |
| SYAMA DAKSHINA MOORTHY/ MEERA | 20,000.00 |
| SREELATHA SUDHAKARAN | 20,000.00 |
| C.LEKSHMIKUTTY AMMA | 20,000.00 |
| VIJAYAMOHANAN NAIR - teak wood door for Tripura sundari Srikovil | 17,300.00 |
| RAMAKRISHNAN NAIR | 1,000.00 |
| J.RADHAKRISHNAN NAIR | 15,000.00 |
| KRISHNA DAS | 10,000.00 |
| K.SARADA THULASI DAS | 10,000.00 |
| G.G.THAMPI | 10,000.00 |
| MANJULA .B | 10,000.00 |
| GEETHA VENUGOPAL | 7,000.00 |
| DURGA K.T | 7,000.00 |
| SUNIL BABU | 5,200.00 |
| SARADA THULASIDAS | 5,000.00 |
| RAM GOPAL | 5,000.00 |
| RAMAKRISHNAN NAIR, RENJITH, RAGINI | 4,000.00 |
| ARUN RAJ M.R | 2,500.00 |
| SREEPARVATHY RAJEEV | 2,001.00 |
| PRESSANNA KUMARI | 1,001.00 |
| DR.A. SUJATHA | 1,000.00 |
| B.PARVATHY | 15,000.00 |
| | **983,004.00** |

**PUNARUDHARANAM EXPENSES : -**

| | |
|---|---|
| TRIPURASUNDARI DEVI TEMPLE CONSTUCTION | 958,864.00 |
| TEMPORARY SARPATHARA | 5,120.00 |
| | 978,984.00 |
| PUNAPRATHISHTA POOJA EXPENSE | 202,195.00 |

**DONATIONS RECEIVED FOR PUNAPRADISHTA POOJA EXPENSES**

| | |
|---|---|
| SASIKALA, SREEKALA & SREELATHA | 202,195.00 |
| RENJITH NARAYAN | 5,001.00 |
| INDIRA PILLAI | 4,960.00 |
| M.SATHI DEVI | 1,001.00 |
| DR.MADAVAN NAIR | 1,001.00 |
| PREETHA.K | 1,000.00 |
| PARVATHY | 300.00 |
| DR.B.SAROJINI AMMA | 245.00 |
| | 215,703.00 |

## അയ്യപ്പന്റെ ധ്യാന ശ്ലോകം

ധ്യായേച്ചാരുജടാനിബിഢമകുടം
ദിവ്യാംബരംജ്ഞാനമു - ദ്രോദ്യദ്ദക്ഷകരം
നാഗപ്രസന്നവദനം ജാനുസ്ഥഹസ്തേതരം
മേഘശ്യാമളകോമളംസുരനുതം
ശ്രീയോഗപട്ടാഞ്ചിതം
വിജ്ഞാനപ്രദമപ്രമേയസുഷമം
ശ്രീഭൂതനാഥംവിഭു.

മനോഹരമായജഡ കിരീടമായിട്ടുള്ളവനും ദിവ്യമായ വസ്ത്രങ്ങൾധരിച്ചിരിക്കുന്നവനും സമർത്ഥമായ ഒരു കൈ ജ്ഞാനമുദ്രാങ്കിതമായി ഉയർത്തി പിടിച്ചുകൊണ്ടും മറ്റേകൈ കാൽമുട്ടിന്മേൽ വച്ചുകൊണ്ടും ഇരിക്കുന്നവനും പ്രസന്നമായ മുഖത്തോടു കൂടിയവനും കാർമേഘത്തിന്റെ നിറത്തിൽ കോമളമായ ശരീരത്തോടു കൂടിയവനും, ദേവന്മാരാൽ ആരാധിക്കപ്പെടുന്നവനും, പട്ടു കൊണ്ടുള്ള യോഗപ്പട്ട അണിഞ്ഞിരിക്കുന്നവനും, ബുദ്ധി കൊണ്ട് ഗ്രഹിക്കാനാകാത്ത ശോഭയോടുകൂടിയവനും, സകല ഭൂതജാലങ്ങളുടേയും നാഥനുമായിരിയ്ക്കുന്ന വിഭുവിനെ ഞാൻ ധ്യാനിക്കുന്നു.

### നവഗ്രഹ സ്തോത്രം– കുജൻ

ധരണീ ഗർഭസംഭൂതം വിദ്യുത് കാന്തി സമപ്രഭം
കുമാരം ശക്തി ഹസ്തം തം മംഗളം പ്രണമാമ്യഹം

ഭൂമീ ദേവിയുടെ പുത്രനേ! മിന്നലിനെപ്പോലെ ശോഭയുള്ളവനെ ! ശക്തിയാകുന്ന ആയുധം ധരിക്കുന്നവനെ ! കുമാരനായി മംഗളനാമത്തിൽ അറിയപ്പെടുന്നവനെ! അങ്ങയെ നമസ്കരിക്കുന്നു.

### അഭിനന്ദനം

ഈ വർഷം തിരുവനന്തപുരത്ത് നടന്ന സംസ്ഥാന കലോത്സവത്തിൽ ഹയർസെക്കൻഡറി വിഭാഗത്തിൽ വഞ്ചിപ്പാട്ടിനും, തൃശൂരിൽ നടന്ന സംസ്ഥാന തല സ്പോർട്ട്സിൽ ഗുസ്തിക്കും കുടുംബാംഗമായ അരുൾപ്രസാദ് എ ഗ്രേഡ് നേടുകയുണ്ടായി. വൈയ്ക്കം, ചെമ്പ്, മനുസ്മൃതിയിൽ മീനറാണിയുടെ മകനാണ്. അരുൾപ്രസാദിനെ അഭിനന്ദിക്കുന്നതോടൊപ്പം, കൂടുതൽ ഉയരങ്ങൾ കീഴടക്കാൻ സ്വാമിയുടേയും,അമ്മമാരുടേയും, പരദേവതമാരുടേയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു.

തിരുഅനന്തപുരം ഗവ:വിമൻസ് കോളേജിലെ 2016 വർഷത്തെ, ബസ്റ്റ് ഔട്ട് ഗോ യിംഗ് സ്റ്റുഡന്റിനുള്ള ആർ. ശങ്കർ അവാർഡ്, മണിയശ്ലേരി കുടുംബാംഗമായ കാവ്യ നായർ. പി.ജെ ക്ക് ലഭിച്ചു. കാവ്യയെ അഭിനന്ദിക്കുന്നതോടൊപ്പം, മേലിൽ കൂടുതൽ പുരസ്കാരങ്ങൾ ലഭിക്കുവാൻ സ്വാമിയുടേയും,അമ്മമാരുടേയും, പരദേവതമാരുടേയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു. വഞ്ചിയൂർ ശ്രീവരത്തിൽ, ഡോ. സി. ആർ. പ്രസാദിന്റേയും,ജ്യോതിയുടേയും മകളാണ്.

തൃപുരസുന്ദരീ ദേവിയുടെ ശ്രീകോവിലിന്റെ തേക്കു വാതിൽ പാളികൾ(രൂപ.17,300/) ശ്രീ. എൻ. വിജയമോഹനൻ നായർ സംഭാവനയായി നൽകി, അദ്ദേഹത്തെ അഭിനന്ദിക്കുന്നതോടൊപ്പം അദ്ദേഹത്തിനും കുടുംബത്തിനും സ്വാമിയുടേയും,അമ്മമാരുടേയും, പരദേവതമാരുടേയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു.

തൃപുരസുന്ദരീ ദേവിയുടെ ശ്രീകോവിൽ നിർമ്മാണം, സമയബന്ധിതമായി പൂർത്തിയാക്കിയ, കരാറുകാരൻ ശ്രീ. സുനിൽ ബാബുവിനേയും, അതിന് നേതൃത്വം നൽകിയ, സബ്ബ് കമ്മറ്റിഅംഗങ്ങളായ ശ്രീ.വി.രാജശേഖരൻ നായരേയും, ശ്രീ.വിജയമോഹനൻ നായരേയും, , വിശിഷ്യ വികസന സമിതിയുടെ എക്സി.ട്രസ്റ്റി. ശ്രീ. ജി.അനിൽ നായരേയും അഭിനന്ദിക്കുന്നതോടൊപ്പം അവർക്കും കുടുംബത്തിനും സ്വാമിയുടേയും,അമ്മമാരുടേയും, പരദേവതമാരുടേയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു

ബാലാലയത്തിലേക്ക് മാറ്റി പ്രതിഷ്ഠിച്ച നാഗരാജാവിനേയും, നാഗയക്ഷിയമ്മയേയും പ്രതിഷ്ഠിക്കുന്നതിനുള്ള നാഗത്തറ പുനർനിർമ്മിക്കുന്നതിനുള്ള ചിലവ് വഹിച്ചു കൊള്ളാമെന്ന് ശ്രീമതി.ശാരദാ ദാസ് അറിയിച്ചിട്ടുണ്ട്. അവരെ അഭിനന്ദിക്കുന്നതോടൊപ്പം അവർക്കും കുടുംബത്തിനും സ്വാമിയുടേയും,അമ്മമാരുടേയും, പരദേവതമാരുടേയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു.

ക്ഷേത്രത്തിൽ നാലമ്പത്തിൽ, കാക്കയും, പ്രാവും കയറി ക്ഷേത്രാങ്കണം മലിനമാക്കുന്നത് ഒഴിവാക്കാൻ,ഫ്രെയിം ഉണ്ടാക്കി നെറ്റ് ഇടുന്നതിന്, ശ്രീ.അനിൽ കുമാർ പിള്ള രൂപ അൻപതിനായിരവും, ഡോ.കൃഷ്ണപിള്ളയുടേയും, ഡോ.ലക്ഷ്മി യുടേയും മകൾ ശ്രീമതി.അശ്വതി, രൂപ നാൽപതിനായിരവും വികസന സമിതിയിലേക്ക് സംഭാവനയായി നൽകി, ഇരുവരേയും അഭിനന്ദിക്കുന്നതോടൊപ്പം, അവർക്കും കുടുംബത്തിനും സ്വാമിയുടേയും,അമ്മമാരുടേയും, പരദേവതമാരുടേയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു.

മണിയശ്ലേരി ദേവസ്വം ഫുഡ് ഫണ്ടിലേക്ക് ഡോ.കൃഷ്ണപിള്ളയുടേയും, ഡോ.ലക്ഷ്മി യുടേയും മകൻ ശ്രീ.ആനന്ദ് പിള്ള അൻപതിനായിരം രൂപ സംഭാവനയായി നൽകി. ശ്രീ.ആനന്ദ് പിള്ളയെ അഭിനന്ദിക്കുന്നതോടൊപ്പം, അദ്ദേഹത്തിനും കുടുംബത്തിനും സ്വാമിയുടേയും,അമ്മമാരുടേയും, പരദേവതമാരുടേയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു.

വാർഷികപൂജയുടെ കളർ നോട്ടീസ് പ്രിന്റ് ചെയ്യുന്നതിനുള്ള തുക ബർജർ കമ്പിനെയെ കൊണ്ട് സ്പോൺസർ ചെയ്യിച്ച ശ്രീ.രാധാമാധവനെ അഭിനന്ദിക്കുന്നതോടൊപ്പം അദ്ദേഹത്തിനും കുടുംബത്തിനും സ്വാമിയുടേയും,അമ്മമാരുടേയും, പരദേവതമാരുടേയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു.

### അറിയിപ്പുകൾ

ക്ഷേത്ര ശാന്തി - ക്ഷേത്രത്തിൽ പുതിയ മേൽശാന്തി ഏപ്രിൽ ആദ്യവാരം ചുമതലയേൽക്കുന്ന വിവരം എല്ലാ ഭക്ത ജനങ്ങളേയും അിറയിച്ചു കൊള്ളുന്നു.

### വിശേഷാൽ സംഭാവന

ഈ വർഷത്തെ പ്രതിഷ്ഠാ വാർഷികത്തോടനുബന്ധിച്ച് താഴെപറയുന്ന പൂജകൾക്ക് കുടുംബാംഗങ്ങൾക്ക് സംഭാവനകൾ നൽകി ഭാഗഭാക്കാകാവുന്നതാണ്. താൽപര്യമുള്ള ഭക്തജനങ്ങൾ സെക്രട്ടറിയുമായോ, ട്രഷററുമായോ ബന്ധപ്പെടണമെന്ന് അഭ്യർത്ഥിക്കുന്നു.

**8 – 5 – 2016 ഞായറാഴ്ച –**

| | | | |
|---|---|---|---|
| സ്വാമിയ്ക്ക് കളഭാഭിഷേകം | 10000/ | ശാസ്താവിന് നവകലശാഭിഷേകം | 3000/ |
| ഗണപതിയ്ക്ക് നവകലശാഭിഷേകം | 3000/ | അപ്പൂപ്പനും, അമ്മാവനും കലശാഭിഷേകം | 2001/ |
| ത്രിപുരസുന്ദരീ ദേവിക്ക് നവകലശാഭിഷേക | 3000/ | കലശ പുജക്കുള്ള പൂവ് | 4000/ |
| വെള്ളാം ഭഗവതിയ്ക്ക് നവകലശാഭിഷേകം | 3000/ | സർപ്പബലിക്കുള്ള പൂവ് | 2000/ |

മണിയശ്ലേരി ദേവസ്വം ട്രസ്റ്റിന്റെയും, പ്രവർത്തന സൗകര്യത്തിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള വിവിധ സമിതികളുടേയും ആജീവനാന്ത അംഗത്വം എടുക്കുന്നതിനുള്ള സൗകര്യം ഉൽസവദിവസങ്ങളിൽ ക്ഷേത്രാങ്കണത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഫീസു വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു. അംഗങ്ങളുടെ സഹകരണത്തിനായി അഭ്യർത്ഥിക്കുന്നു.

| | | | |
|---|---|---|---|
| *മണിയശ്ലേരി ദേവസ്വം ട്രസ്റ്റ്* | *- 5000/* | *മണിയശ്ലേരി ദേവസ്വം ഫുഡ് ഫണ്ട്* | *1000/* |
| *മണിയശ്ലേരി വികസന സമിതി* | *- 10000/* | *മണിയശ്ലേരി ഡെയിലി പൂജ ഫണ്ട്* | *25000/* |

2016 ജൂൺ മുതൽ (1191 ഇടവം) 2017 മേയ് വരെ ( 1192 മേടം) ഒഴിവുള്ള മാസങ്ങളിൽ പ്രസാദ ഊട്ടും, വരും വർഷങ്ങളിലെ സർപ്പക്കളങ്ങളും ബുക്ക് ചെയ്യുവാനുള്ള സൗകര്യം ഉൽസവ ദിവസങ്ങളിൽ ക്ഷേത്രാങ്കണത്തിൽ ഉണ്ടായിരിക്കുന്നതാണ്.

### മാലകൾ– ഹാരങ്ങൾ :

ക്ഷേത്രത്തിൽ ചാർത്തുവാനുള്ള മാലകൾ,ഹാരങ്ങൾ ഇവ തയ്യാറാക്കുവാൻ ശ്രീ.അനിൽ എന്നയാളെ, ഏപ്രിൽ 2 മുതൽ ട്രസ്റ്റ് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭക്തജനങ്ങൾക്ക് വിവിധതരത്തിലുള്ള മാലകൾ, ഹാരങ്ങൾ എന്നിവ മുൻകൂറായി മാനേജരുടെ ഫോൺ (9446714879)/ സെക്രട്ടറി (9446225012)/മണിയശ്ലേരി ടെമ്പിൾ എന്ന വാട്ട്സ് ആപ് ഗ്രൂപ്പു വഴിയോ ബുക്ക് ചെയ്യാവുന്നതാണ്.

തുളസി മാല, ചെത്തിമാല 25.00, മുല്ലമാല, ഉണ്ടമാല, താമര മാല - (11 / 21 / 51 എണ്ണം) മുതലായവ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതും, ആയതിന് ആനുകാലികമായ നിരക്കുകൾ ഈടാക്കുന്നതുമാണ്

**ജന്മ നക്ഷത്ര പൂജ– പൂജാ സാധനങ്ങളുടെ സ്പോൺസർഷിപ്പ്**: നമ്മുടെ കുടുംബത്തിലുള്ള ഓരോ അംഗത്തിന്റേയും ജന്മദിനത്തിൽ, ക്ഷേത്രത്തിൽ വർഷത്തിൽ കുറഞ്ഞത് ഒരു പ്രാവശ്യം ജന്മനക്ഷത്ര പൂജ (ജന്മദിന ഭഗവത് അർപ്പണം), നടത്തുന്നതിനും, ക്ഷേത്രത്തിലേക്കാവശ്യമായ പൂജാസാധനങ്ങൾ സ്പോൺസർ ചെയ്യുന്നതിനും ഈ ഭരണസമിതി മുന്നോട്ടു വച്ച് രണ്ടു സംരം ഭങ്ങളും വൻ വിജയമാക്കിത്തീർക്കാൻ കുടുംബാംഗങ്ങൾ നൽകിയ സഹകരണം നന്ദിപൂർവ്വം സ്മരിക്കുന്നതോടൊപ്പം നമ്മുടെ സ്വാമിയുടേയും പരദേവതമാരുടെയും നിത്യനിദാന പൂജകൾ പൂർവ്വാധികം ഭംഗിയായി തുടർന്നും നടത്തുവാൻ ഇതുവരെ ഈ പദ്ധതികളിൽ ചേരാത്ത കുടുംബാംഗങ്ങൾ അതിൽ ഭാഗഭാക്കായും, ചേർന്നിട്ടുള്ളവർ അതു കൂടുതൽ കാലത്തേക്ക് നീട്ടിയും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### *വിവിധ ബാങ്ക് അക്കൗണ്ടുകൾ.*

ക്ഷേത്രത്തിലേയ്ക്കുള്ള വഴിപാടുതുകകൾ അതാത് അക്കൗണ്ടുകളിൽ ഭക്തജനങ്ങൾക്ക് നേരിട്ട് നിക്ഷേപിക്കാവുന്നതാണ്

ജന്മ നക്ഷത്ര പൂജക്കുള്ള തുക 1.മണിയശ്ലേരി ദേവസ്വം ട്രസ്റ്റ് നക്ഷത്ര പൂജ - അക്കൗണ്ട് നമ്പർ 20720100033231

പൂജ ഐറ്റം സ്പോൺസർ ചെയ്യുന്നതിനുള്ള തുക 2. മണിയശ്ലേരി ദേവസ്വം ട്രസ്റ്റ് പൂജ ഐറ്റം - അക്കൗണ്ട് നമ്പർ - 20720100033272

ഫെഡറൽ ബാങ്ക് - കുലശേഖര മംഗലം ബ്രാഞ്ച് - IFSC Code – FDRL - 0002072

മറ്റു വഴിപാടുകൾക്കുള്ള തുക 3. മണിയശ്ലേരി ദേവസ്വം ട്രസ്റ്റ് അഡ്വാൻസ് പുജ & സർപ്പക്കളം- അക്കൗണ്ട് നമ്പർ - 67231581619

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ കുലശേഖര മംഗലം ബ്രാഞ്ച് - IFSC Code - SBTR 0000354

ബാങ്കിൽ തുക ട്രാൻസ്ഫർ ചെയ്ത വിവരം, വാട്ട്സ് ആപ് വഴിയോ, ഫോൺ മുഖേനയോ സെക്രട്ടറിയെ അറിയിക്കണം എന്നഭ്യർത്ഥിക്കുന്നു.

### *സ്വാമിക്കൊരാരാമം*

മണിയശ്ലേരി ക്ഷേത്രത്തിൽ പൂജാ ആവശ്യത്തിലേക്കാവശ്യമായ പൂക്കൾ ക്ഷേത്രത്തിൽ തന്നെ കൃഷി ചെയ്യുന്നതിന്, സ്വാമ ിക്കൊരാരാമം എന്ന പേരിൽ ഒരു പദ്ധതിക്ക് ഈ വരുന്ന ഏപ്രിൽ 14 വിഷു ദിനത്തിൽ, ക്ഷേത്ര പരിസരത്ത് തുടക്കം കുറിക്കുകയാണ്. പദ്ധതി അനുസരിച്ച് ചെത്തി, തുളസി,മുല്ല, നന്ത്യാർ വട്ടം, അരളി തുടങ്ങി ക്ഷേത്രാവശ്യങ്ങൾക്കുപയോഗിക്കുന്ന എല്ലാവിധ ചെടികളും, വലിയ ചെടിച്ചട്ടികളിൽ ഭക്തജനങ്ങൾക്ക് ക്ഷേത്രത്തിൽ സമർപ്പിക്കാവുന്നതാണ്. ഭക്തജനങ്ങൾ കഴിവിനനുസരിച്ച് ചെടികൾ ചെടിച്ചട്ടിയിൽ ക്ഷേത്രത്തിൽ സമർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സെക്രട്ടറി

***ക്ഷേത്ര ദർശന സമയം*** രാവിലെ 6 മണി മുതൽ 10.30 വരെ വൈകുന്നേരം 5.30 മുതൽ 7 മണി വരെ

ക്ഷേത്രത്തിൽ നടത്തേണ്ടുന്ന എല്ലാ വഴിപാടുകൾക്കും, നടയ്ക്ക് വയ്പിനും, മാല,ഹാരം മുതലായവയ്ക്കും ട്രസ്റ്റ് കൗണ്ടറിൽ നിന്നും രസീതെടുക്കേണ്ടതാണ്

2016 ലെ കർക്കിടകമാസ പൂജ, മണ്ഡല ചിറപ്പ് - വൃശ്ചികമാസ പൂജ എന്നിവ ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഉൽസവദിവസങ്ങളിൽ ക്ഷേത്രാങ്കണത്തിൽ ഉണ്ടായിരിക്കുന്നതാണ്

### പ്രസാദ ഊട്ട് വഴിപാടു നൽകിയവർ

| കുംഭം | മീനം | മേടം |
|---|---|---|
| രാധാമാധവൻ + രഘു.ആർ | 1) രതീദേവി 2) വിവേക് നായർ | അജിത് നാരായണപിള്ള |

### *അനുശോചനം*

തിരുവനന്തപുരം, വഞ്ചിയൂർ, സൗഭാഗ്യയിൽ വിജയമോഹനൻ നായരുടെ ഭാര്യ ഉഷ വിജയമോഹന്റെ മാതാവ് ശ്രീമതി. പി.വിമലാമ്മ. 6 - 1 - 2016 ന് അന്തരിച്ചു.പരേതാത്മാവിന്റെ നിത്യ ശാന്തിക്കായി പ്രാർ ത്ഥിക്കുന്നു.

തിരുവനന്തപുരം, ചെട്ടികുളങ്ങര തോപ്പുവീട്ടിൽ ശാന്തകുമാരിയമ്മയുടെ ർത്താവ് ശ്രീ.ഗോപിനാഥൻ.നായർ സ്വവസതിയിൽ വച്ച് അന്തരിച്ചു.പരേതാത്മാവിന്റെ നിത്യ ശാന്തിക്കായി പ്രാർത്ഥിക്കുന്നു.

ട്രസ്റ്റംഗമായ, തിരുവനന്തപുരം, കണ്ണമ്മൂല അബികാ നിവാസിൽ ശ്രീ. ശിവജിയുടെ ഭാര്യ, ശ്രീമതി ഗിരിജാംബികയുടെ മാതാവ് ശ്രീമതി. പി. അംബികാദേവി 14 - 3 - 2016 ന് നെയ്യാറ്റിൻകരയിൽ അന്തരിച്ചു. .പരേതാത്മാവിന്റെ നിത്യ ശാന്തിക്കായി പ്രാർത്ഥിക്കുന്നു.

ട്രസ്റ്റംഗമായ ശ്രീ.ജയശങ്കറിന്റേയും, സൗമിനിയുടേയും മാതാവ് തിരുവനന്തപുരം, കവടിയാർ, സൗന്ദര്യയിൽ ശ്രീമതി.ശാന്തകുമാരി അന്തരിച്ചു. . പരേതാത്മാവിന്റെ നിത്യ ശാന്തിക്കായി പ്രാർത്ഥിക്കുന്നു.